പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2914 **29-10-2026-ൽ മറുപടിയ്ക്ക്**

കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി .ഒ. മോഹനൻ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ആകെ അടങ്കൽ തുക എത്ര രൂപയാണെന്നും ഏതൊക്കെ റോഡുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

മറുപടി: കണ്ണൂർ നഗരപാത വികസന പദ്ധതിക്ക് ജി.ഒ (ആർ.ടി) നം. 1159/2017/PWD തീയതി 03/08/2017 സർക്കാർ ഉത്തരവ് പ്രകാരം 401.467 കോടി രൂപയുടെ ഡി.പി.ആർ അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഫേസ് – 1

ഇന്നർ റിങ്ങ് റോഡ് (മുനീശ്വരൻ കോവിൽ ജംഗ്ഷൻ - ഓഫീസേർസ് ക്ലബ് ജംഗ്ഷൻ -പോലീസ് ക്ലബ് ജംഗ്ഷൻ - ആശീർവാദ് ജംഗ്ഷൻ - പ്ലാസ ജംഗ്ഷൻ - മുനീശ്വരൻ കോവിൽ ജംഗ്ഷൻ)

Co-10- പട്ടാളം റോഡ് (ഓഫീസേർസ് ക്ലബ് ജംഗ്ഷൻ - എസ്.പി.സി.എ ജംഗ്ഷൻ - മഹാത്മ ജംഗ്ഷൻ - കാൾട്ടക്സ് ജംഗ്ഷൻ - പോലീസ് ക്ലബ് ജംഗ്ഷൻ)

Co-11 - ജയിൽ റോഡ് (എസ്.പി.സി.എ ജംഗ്ഷൻ - എ.കെ.ജി ഹോസ്പിറ്റൽ ജംഗ്ഷൻ)

ഫേസ് – 2

Co-01-മന്ന ജംഗ്ഷൻ - ന്യൂ എൻ. എച്ച് ബൈപ്പാസ് (NH – 66)

Co-03- പൊടിക്കുണ്ട് – കൊറ്റാളി റോഡ്

Co-08- തയ്യിൽ - തെഴുക്കിലെ പീടിക റോഡ്

Co-12- കുഞ്ഞിപ്പള്ളി – പുല്ലൂപ്പി റോഡ്

ഫേസ് – 3

Co-02- ചാലാട്-കുഞ്ഞിഷള്ളി റോഡ്

Co-04- മിനി ബൈപ്പാസ് റോഡ്

Co-05- കക്കാട് - മുണ്ടയാട് റോഡ്

Co-07-പ്ലാസ ജംഗ്ഷൻ - ജെ.ടി.എസ് റോഡ്

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഓരോ റോഡിന്റെയും നിലവിലെ പുരോഗതിയും നാളിതുവരെ ചെലവഴിച്ച തുകയും ലഭ്യമാക്കാമോ?

<u>മറുപടി:</u> അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഓരോ റോഡിന്റെയും നിലവിലെ പുരോഗതിയും നാളിതുവരെ ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കേരളം റോഡ് ഫണ്ട് ബോർഡ് വഴി സർക്കാർ നടപ്പിലാക്കുന്ന കണ്ണൂർ നഗര പാത വികസന പദ്ധതിയിൽ ആകെ 11 കോറിഡോറുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

കണ്ടിൻജൻസി ഇനത്തിൽ ഭൂമി ഏറ്റെടുക്കുന്ന 8 റോഡുകൾക്കായി (ഫേസ് -2 & ഫേസ് -3) ആകെ 3,64,72,154/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 1,20,83,399/- രൂപ ചെലവായിട്ടുണ്ട്.

ഫേസ് - 1 (ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്തവ)

Co-9- ഇന്നർ റിങ്ങ് റോഡ്, Co-10- പട്ടാളം റോഡ്, Co-11- ജയിൽ റോഡ് എന്നീ 3 റോഡുകളാണ് ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഫേസ് 1 കോറിഡോറുകളുടെ നിർമാണ പ്രവൃത്തി നിലവിൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടി തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ ബില്ല് പെയ്മെന്റ് പ്രോസസിങിലാണ്.

ഫേസ് -2 (ഭൂമി ഏറ്റെടുക്കൽ ആവശ്യമുള്ളവ)

ഫേസ്-2-ൽ വരുന്ന സി-01 - മന്ന ജംഗ്ഷൻ ≈ന്യൂ എൻ¼എച്ച് ബൈപ്പാസ് (എൻ¼എച്ച്-66), സി-03 - പൊടിക്കുണ്ട് - കൊറ്റാളി റോഡ്, സി-08 - തയ്യിൽ ≈ തെഴുക്കിലെ പീടിക റോഡ്, സി-12 - കുഞ്ഞിപ്പള്ളി - പുല്ലൂപ്പി റോഡ് എന്നീ റോഡുകളുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായുള്ള അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിന് 31,93,344/- രൂപ ചെലവായിട്ടുണ്ട്.

തയ്യിൽ തെഴുക്കിലെ പീടിക റോഡിന് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ 62.06 കോടി രൂപ 04.09.2023 തീയതി സ്പെഷ്യൽ തഹസീൽദാർ •എൽ¼എ) കണ്ണൂർ നഗരപാതാ വികസന പദ്ധതിയ്ക്ക് കൈമാറിയിട്ടുണ്ട്. ഈ തുകയിൽ നിന്നും 42,98,91,458/- രൂപ നഷ്ടപരിഹാര ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

1. **സി-01 - മന്ന ജംഗ്ഷൻ ≈ ന്യൂ എൻ‌എച്ച് ബൈപ്പാസ് (എൻ‌എച്ച്-66)**

നിലവിലെ എൻഎച്ച് 17 റോഡിൽ മന്ന ജംഗ്ഷൻ മുതൽ താഴെ ചൊവ്വ കഴിഞ്ഞു പുതിയ എൻഎച്ച് 66 വരെ 9.325 കി മീ ദൂരത്തിൽ 22 മി വീതിയിൽ നാലുവരി പാത ആയാണ് ടി റോഡ് നിർമിക്കുന്നത്. പ്രസ്തുത റോഡിൽ 30.11.2019-ന് അതിർത്തിക്കല്ല് സ്ഥാപിക്കൽ പൂർത്തിയാക്കി. നിലവിൽ പ്രസ്തുത റോഡിൽ ഇന്റിവിജ്വൽ സർവ്വെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

2. **സി-03 - പൊടിക്കുണ്ട് - കൊറ്റാളി റോഡ്**

പൊടിക്കുണ്ട് മുതൽ കൊട്ടാളി വരെ 1.44 കി മി ദൂരത്തിൽ 14 മി വീതിയിൽ രണ്ടുവരി പാത ആയാണ് ടി റോഡ് നിർമിക്കുന്നത്. പ്രസ്തുത റോഡിൽ 30.11.2019-ന് അതിർത്തിക്കല്ല് സ്ഥാപിക്കൽ പൂർത്തിയാക്കി. ടി റോഡിൽ നിലവിൽ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു.

3. **സി-08 - തയ്യിൽ ≈തെഴുക്കിലെ പീടിക റോഡ്**

തയ്യിൽ മുതൽ തെഴുക്കിലെ പീടിക വരെ 2.18 കി മീദൂരത്തിൽ 14 മി വീതിയിൽ രണ്ടുവരി പാത ആയാണ് ടി റോഡ് നിർമിക്കുന്നത്. പ്രസ്തുത റോഡിൽ 30.11.2019-ന് അതിർത്തിക്കല്ല് സ്ഥാപിക്കൽ പൂർത്തിയാക്കി.

4. **സി-12 - കുഞ്ഞിപ്പള്ളി - പുല്ലൂപ്പി റോഡ്**

കുഞ്ഞിപ്പള്ളി മുതൽ പുല്ലൂപ്പി ജംഗ്ഷൻ വരെ 1.695 കി മീ ദൂരത്തിൽ 14 മി വീതിയിൽ രണ്ടുവരി പാത ആയാണ് ടി റോഡ് നിർമിക്കുന്നത്. പ്രസ്തുത റോഡിൽ 30.11.2019-ന് അതിർത്തിക്കല്ല് സ്ഥാപിക്കൽ പൂർത്തിയാക്കി. ടി റോഡിൽ നിലവിൽ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു.

ഫേസ് 3 കോറീഡോറുകൾ (ഭൂമി ഏറ്റെടുക്കൽ ആവശ്യമുള്ളവ)

ഫേസ്-3-ൽ വരുന്ന സി-02 – ചാലാട്-കുഞ്ഞിപ്പള്ളി റോഡ്, സി-04 – മിനി ബൈപ്പാസ് റോഡ്, സി-05 – കക്കാട്-മുണ്ടയാട് റോഡ്, സി-07 – പ്ലാസ ജംഗ്ഷൻ-ജെ.ടി.എസ് റോഡ് എന്നീ

റോഡുകളുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിന് 33,10,000/- രൂപയും ചെലവായിട്ടുണ്ട്.

1. **സി-02 – ചാലാട്-കുഞ്ഞിപ്പള്ളി റോഡ്**

ചാലാട് മുതൽ കുഞ്ഞിപ്പള്ളി ജംഗ്ഷൻ വരെ 4.7 കി.മീ ദൂരത്തിൽ 14 മീറ്റർ വീതിയിൽ രണ്ടുവരി പാത ആയാണ് ടി റോഡ് നിർമ്മിക്കുന്നത്. അതിർത്തിക്കല്ല് സ്ഥാപിക്കൽ 07.02.2022-ന് പൂർത്തിയായി. ഇൻഡിവിജ്വൽ ഹോൾഡിംഗ് സർവ്വേ പ്രവർത്തികൾ പുരോഗമിക്കുന്നു.

2. **സി-04 – മിനി ബൈപ്പാസ് റോഡ്**

പുതിയതെരു മുതൽ കക്കാട് വഴി ധനലക്ഷ്മി-കണ്ണോത്തുംചാൽ വരെ 7.04 കി.മീ ദൂരത്തിൽ 14 മീറ്റർ വീതിയിൽ രണ്ടുവരി പാത ആയാണ് ടി റോഡ് നിർമ്മിക്കുന്നത്. അതിർത്തിക്കല്ല് സ്ഥാപിക്കൽ 21.01.2022-ന് പൂർത്തിയായി. സർവ്വേ സബ് ഡിവിഷൻ പ്രവർത്തികൾ പുരോഗമിക്കുന്നു.

3. **സി-05 – കക്കാട്-മുണ്ടയാട് റോഡ്**

കക്കാട് മുതൽ മുണ്ടയാട് വരെ 2.81 കി.മീ ദൂരത്തിൽ 14 മീറ്റർ വീതിയിൽ രണ്ടുവരി പാത ആയാണ് ടി റോഡ് നിർമ്മിക്കുന്നത്. അതിർത്തിക്കല്ല് സ്ഥാപിക്കൽ 05.11.2021-ന് പൂർത്തിയായി.

4. **സി-07 – പ്ലാസ ജംഗ്ഷൻ-ജെ.ടി.എസ് റോഡ്**

പ്ലാസ ജംഗ്ഷൻ മുതൽ ജെ.ടി.എസ് 6.45 കി.മീ ദൂരത്തിൽ 14 മീറ്റർ വീതിയിൽ രണ്ടുവരി പാത ആയാണ് ടി റോഡ് നിർമ്മിക്കുന്നത്. അതിർത്തിക്കല്ല് സ്ഥാപിക്കൽ 10.01.2022-ന് പൂർത്തിയായി. സർവ്വേ സബ് ഡിവിഷൻ പ്രവർത്തികൾ പുരോഗമിക്കുന്നു.